**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ - 2016-17 വാർഷിക പദ്ധതി - "ലാർവിവോറസ് മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണം / നിക്ഷേപം" പദ്ധതി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.1105/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,18/04/2018

പരാമർശം :- കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 26.09.2017 ലെ PC2/9013/17 നമ്പർ കത്ത്.

**ഉത്തരവ്**

2016-17 കാലയളവിൽ മുൻവർഷങ്ങളേക്കാൾ കൊതുക് ജന്യമായ ഡങ്കിപ്പനി പടർന്നുപിടിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ നടപ്പിലാക്കിവന്നിരുന്ന പദ്ധതിയായ "ലാർവിവോറസ് മത്സ്യകുഞ്ഞുങ്ങളുടെ വിതരണം / നിക്ഷേപം" 2016-17 ലും നടപ്പിലാക്കേണ്ടിവന്നുവെന്നും, മത്സ്യക്കുഞ്ഞുങ്ങളെ ഗവൺമെന്റ് ഹാച്ചറിയിൽ നിന്നും വാങ്ങി കോർപ്പറേഷനിൽ നിന്നും നിർദ്ദേശിക്കപ്പെട്ട കുളങ്ങളിൽ നിക്ഷേപിക്കുകയാണ് ഉണ്ടായതെന്നും, ഇത്തരം ഒരു പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് വകുപ്പ് തടസ്സവാദം ഉന്നയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ ടി പദ്ധതിക്ക് സാധൂകരണം നൽകണമെന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സൂചനയിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

02. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും സമൂഹനന്മയ്ക്കായി നടപ്പാക്കിയ പദ്ധതിയായതിനാലും കോർപ്പറേഷൻ നേരിട്ട് ഫിഷറീസ് സബ് ഇൻസ്പെക്ടർ മുഖേന പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതിനാലും, കൊല്ലം കോർപ്പറേഷന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ "ലാർവിവോറസ് മത്സ്യകുഞ്ഞുങ്ങളുടെ വിതരണം / നിക്ഷേപം" എന്ന പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ശ്രീജിത്ത്.വി.പി.
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ